## ബേക്കൽ ടൂറിസം പദ്ധതി

**133 (3062)** ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി കാസർഗോഡ് ജില്ലയിലെ തേജസ്വിനി പുഴയിൽ വിനോദസഞ്ചാരികൾക്കായി ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

### ഉത്തരം

(എ)&(ബി) തേജസ്വിനി പുഴയിൽ വിനോദസഞ്ചാരികൾക്കായി ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു.

## എക്കോ - ടൂറിസം പദ്ധതി

**134 (3063)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്കോ - ടൂറിസം പദ്ധതിയിൽ ഇപ്പോൾ ഏതൊക്കെ പ്രദേശങ്ങളാണ് കൊല്ലം - പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

### ഉത്തരം

കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അരിപ്പ, കുളത്തൂപ്പുഴ, പാലരുവി, ഉമയാർ, ആര്യങ്കാവ്, അച്ചൻകോവിൽ, കോന്നി, പമ്പ, കൊച്ചുപമ്പ എന്നീ പ്രദേശങ്ങളിലാണ് എക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ടൂറിസം വ്യവസായത്തിന്റെ നിലവാരം

**135 (3064)** ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ നിലവാരം ഉയർത്തുന്നതിന് സർക്കാർ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ വിനോദസഞ്ചാരോപാധികൾ ഏർപ്പെടുത്തിയും കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാനായി അവർക്കുവേണ്ട പ്രോത്സാഹനങ്ങളും സൗജന്യങ്ങളും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യം വച്ച് ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ച് താഴെപ്പറയുന്ന സൗജന്യങ്ങൾ നൽകിവരുന്നു.

1. നിക്ഷേപത്തിന്റെ 10% സബ്സിഡി (10 ലക്ഷം രൂപ വരെ)

LIBRARY ARCHIVES Kerala Legislative Assembly